I/154526/2023

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 09-10-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – Agriculture Tractor - കളിൽ ട്രെയിലർ ഘടിപ്പിക്കുന്നത് സംബന്ധിച്ച - നിർദ്ദേശങ്ങൾ

സൂചന :-
1. ജോയിന്റ് ആർ ടി ഒ സുൽത്താൻ ബത്തേരിയുടെ 24/08/2022 ലെ കത്ത്
2. ആർ.ടി.ഒ പാലക്കാടിന്റെ 08/11/2022 ലെ കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഗ്രികൾച്ചറൽ ട്രാക്ടറുകളിൽ കൃഷി ആവശ്യത്തിനുള്ള വിവിധ കൃഷി സംബന്ധിയായ വസ്തുക്കൾ കൊണ്ടു പോകുന്ന ആവശ്യത്തിലേക്കായി അഗ്രിക്കൾച്ചറൽ ട്രെയിലർ ഘടിപ്പിച്ച് നൽകി വാഹനം നിലവിൽ രജിസ്റ്റർ ചെയ്ത് നൽകാതിരിക്കുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിൽ നിന്നുള്ള നിരന്തരമായ പരാതികളെ മുൻ നിർത്തി കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നും വിവിധ ഭാരവാഹക ശേഷിയുള്ള അഗ്രികൾച്ചറൽ ട്രെയിലറുകൾ വ്യത്യസ്ത കമ്പനികൾ നിർമ്മിക്കുന്ന അഗ്രികൾച്ചറൽ ട്രാക്ടറുകളിൽ ഘടിപ്പിക്കുവാൻ അനുവാദം നൽകുന്നതിന് താഴെ പറയുന്ന വിശദാംശങ്ങൾ/നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഒരു ഏകീകൃത നിലപാട് സ്വീകരിക്കുവാൻ എല്ലാ RA/ARA യ്ക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**<u>A. നിയമപരമായ നിർവ്വചനങ്ങൾ.</u>**

മോട്ടോർ വാഹന നിയമം 1988 - സെക്ഷൻ 2(44) ൽ "Tractor" എന്നാൽ സ്വന്തമായി ഭാരം വഹിക്കാൻ ഉദ്ദേശിച്ച് നിർമ്മിച്ചിട്ടില്ലാത്തതായ മോട്ടോർ വാഹനം ആണെന്ന് നിർവചിച്ചിട്ടുണ്ട്. സെക്ഷൻ 2(46) ൽ "Trailer" എന്നാൽ മറ്റൊരു മോട്ടോർ വാഹനം കൊണ്ട് വലിച്ച് കൊണ്ട് പോകാൻ ഉദ്ദേശിച്ചിട്ടുള്ള Semi-Trailer വിഭാഗത്തിൽ പെടാത്ത വാഹനം ആണെന്ന് നിർവചിച്ചിട്ടുണ്ട്. സെക്ഷൻ 2(39) ൽ "Semi-Trailer" എന്നാൽ മറ്റൊരു മോട്ടോർ വാഹനത്തിലേക്ക് ഘടിപ്പിച്ചിരിക്കുന്നതും അതിന്റെ ഭാരത്തിന്റെ ഒരു ഭാഗം ഈ മോട്ടോർ വാഹനത്തിന്മേൽ ചുമത്തുന്ന ചെയ്യുന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ളതുമായ വാഹനം എന്നും നിർവ്വചിച്ചിട്ടുണ്ട്. സെക്ഷൻ 2(2)ൽ "Articulated Vehicle" എന്നാൽ Semi-Trailer ഘടിപ്പിച്ചിരിക്കുന്ന ഒരു മോട്ടോർ വാഹനം എന്നും നിർവ്വചിച്ചിട്ടുണ്ട്.

കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 2(b) ൽ Agricultural Tractor എന്നാൽ Trailer മായി ബന്ധിപ്പിച്ച് കൊണ്ട് കാർഷികമായ വസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ഡിസൈൻ ചെയ്തിട്ടുള്ള നാല് ചക്ര വാഹനം എന്നും ഇത്തരം വാഹനങ്ങൾ നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾ (NTV) ഗണത്തിൽപ്പെടുന്നതാണ് എന്നും നിർവ്വചിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 2(c) ൽ Agricultural Trailer എന്നാൽ Agricultural Tractor - ൽ ഘടിപ്പിച്ചിരിക്കുന്നതും ഒന്നോ രണ്ടോ ആക്സിലുകൾ ഉള്ളതും കാർഷികമായ വസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ഉപയോഗിക്കുന്നതുമായ Trailer കൾ ആണ് എന്ന് നിർവ്വചിച്ചിരിക്കുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച SO No.1248(E) dated 05.11.2004 പ്രകാരം Agricultural Tractor നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾ (NTV) വിഭാഗത്തിൽപ്പെടുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 110 B പ്രകാരം ട്രെയിലർ, സെമി ട്രെയിലർ ഉൾപ്പെടെയുള്ള എല്ലാ മോട്ടോർ വാഹനങ്ങൾക്കും കേന്ദ്ര സർക്കാർ ഏജൻസികൾ നൽകുന്ന ടൈപ്പ് അപ്പ്രൂവൽ സർട്ടിഫിക്കറ്റ് വേണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 125 D പ്രകാരം $N_2$, $N_3$ വിഭാഗത്തിൽപ്പെടുന്ന ചരക്ക് വാഹനങ്ങൾ ( 3.5 ton നു മുകളിൽ GVW ഉള്ളവ) വലിച്ചുകൊണ്ടു പോകുന്ന T വിഭാഗത്തിൽപ്പെടുന്ന Trailer കൾക്കും Semi Trailer കൾക്കും മാത്രമാണ് AIS:113-2013 Code of practice പ്രകാരം Type Approval വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 125.C.(3) പ്രകാരം $N_2$, $N_3$ വിഭാഗത്തിൽപ്പെടുന്ന ചരക്ക് വാഹനങ്ങൾക്ക് (3.5 ton നു മുകളിൽ GVW ഉള്ളവ) മാത്രമാണ് AIS -093 പ്രകാരമുള്ള ട്രക്ക് ബോഡി കോഡ് ബാധാകമാക്കിയിരിക്കുന്നത്. അതുപോലെ തന്നെ കേരള മോട്ടോർ വാഹന ചട്ടം 305 പ്രകാരം പ്രാദേശികമായി നിർമ്മിക്കുന്ന ട്രെയിലറുകൾക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി മുൻപാകെ അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടേണ്ടതായിട്ടുണ്ട്.

**B. നിർദ്ദേശങ്ങൾ.**

1. 3.5 ടൺ വരെ GVW ഉള്ള Agricultural Trailer-കൾ Agricultural Tractor-ൽ ഘടിപ്പിച്ച് NTV ആയി രജിസ്റ്റർ ചെയ്ത് നൽകാവുന്നതും എന്നാൽ ടി Agricultural Trailer – ന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അംഗീകരിച്ച ഡിസൈൻ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
2. 3.5 ടൺ GVW- ന് മുകളിലുള്ള Agricultural Trailer-കൾ Agricultural Tractor -ൽ ഘടിപ്പിച്ച് NTV ആയി രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 110.B പ്രകാരം പ്രസ്തുത ട്രെയിലറുകൾക്ക് കേന്ദ്ര സർക്കാർ ഏജൻസികളുടെ ടൈപ്പ് അപ്പ്രൂവൽ സർട്ടിഫിക്കറ്റ് (TAC) ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. NTV ആയി രജിസ്റ്റർ ചെയ്ത് നൽകുന്ന Agricultural Tractor വാഹനങ്ങളുടെ രജിസ്ട്രേഷൻ സർ ട്ടിഫിക്കറ്റിൽ 'TYPE OF BODY' എന്നിടത്ത് 'Fitted with Agricultural Trailer' എന്നും അതോടൊപ്പം Agricultural Trailer -ന്റെ സീരിയൽ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

4. നിലവിൽ NTV ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രാക്ടർ വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾ കാർഷിക ആവശ്യങ്ങൾക്കായി മേൽ നിബന്ധനയ്ക്ക് വിധേയമായി Agricultural Tractor ആയി തരം മാറ്റാവുന്നതും ഈ വാഹനത്തിൽ Agricultural Trailer ഘടിപ്പിച്ച് NTV ആയി മാറ്റാവുന്നതുമാണ്.
5. നിലവിൽ TV ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രാക്ടർ-ട്രെയിലർ കോമ്പിനേഷനിലുള്ള "Articulated Vehicle" വിഭാഗത്തിൽപെടുന്ന വാഹനങ്ങൾ യാതൊരു കാരണവശാലും NTV ആയിട്ടുള്ള Agricultural Tractor fitted with Agricultural Trailer ആയി തരം മാറി നൽകാൻ പാടുള്ളതല്ല. എന്നാൽ ഇത്തരം വാഹനങ്ങൾക്ക് speed governor, VLTD എന്നിവ ഘടിപ്പിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ല.
6. NTV ആയി രജിസ്റ്റർ ചെയ്ത് നൽകുന്ന Agricultural Tractor വാഹനങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കോ വാടകയ്ക്കോ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ അത്തരം വാഹനങ്ങൾക്ക് നിയമപരമായ പിഴ ചുമത്തുകയും 29.09.1975 ലെ SRO No.877/75 പ്രകാരം ഭാഗികമായി നികുതി ഈടാക്കേണ്ടതും ഇത്തരം വാഹനങ്ങളിൽ നിന്നും Agricultural Trailer നീക്കം ചെയ്ത് Tractor ആയി തരം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .
7. ലാൻ ഡ് റിഫോംസ് ആക്റ്റ് 1963-ൽ നിർവ്വചിച്ചിരിക്കുന്ന പ്ലാന്റേഷൻസ് ലാന്റുകളിൽ ഉപയോഗിക്കുന്നതുൾപ്പടെയുള്ള കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന Agricultural Tractor fitted with Agricultural Trailer -ന് മേൽ നിർദ്ദേശങ്ങൾ ബാധകമാണ്.
8. കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്റ്റ് 1976- സെക്ഷൻ 21-ൽ വിശദീകരിച്ചിരിക്കുന്ന കാർഷിക ആവശ്യങ്ങൾക്ക് ആണ് മേൽ വാഹനങ്ങൾ ഉപയോഗിക്കുന്നത് എന്ന് ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ഉറപ്പാക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച കാർഷിക ആവശ്യങ്ങൾക്ക് വേണ്ടിയാണ് അപേക്ഷകൻ Agricultural Tractor fitted with Agricultural Trailer ആയി വാഹനം രജിസ്റ്റർ ചെയ്യുന്നത് എന്ന് Agricultural Officer- ൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
9. NTV ആയി രജിസ്റ്റർ ചെയ്ത് നൽകുന്ന Agricultural Tractor fitted with Agricultural Trailer വാഹനങ്ങളുടെ ഉടമസ്ഥാവകാശം കൈമാറുമ്പോൾ ഉടമസ്ഥാവകാശം കൈമാറി കിട്ടുന്ന ആൾ കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്റ്റ് 1976 – സെക്ഷൻ 21 ൽ വിശദീകരിച്ചിരിക്കുന്ന കാർഷിക ആവശ്യങ്ങൾക്ക് ആണ് ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്നത് എന്ന് Agricultural Officer ൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
10. 1976 ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 21 അനുസരിച്ച് Agricultural ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന Tractor, Trailer, Tractor-Trailer

combination എന്നിവയെ നികുതി അടയ്ക്കുന്നതിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 1963 ലെ Land Reforms Act - ൽ നിർവ്വചിച്ചിരിക്കുന്ന Plantation Land - കളിൽ ഉപയോഗിക്കുന്ന മേൽ വാഹനങ്ങൾക്ക് നികുതി ഇളവ് നൽകേണ്ടതില്ല.

മേൽ നിബന്ധനകൾക്ക് വിധേയമായി Agricultural Tractor fitted with Agricultural Trailer വാഹനങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്ത് നൽകുമ്പോഴോ നിലവിൽ NTV ആയി രജിസ്റ്റർ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രാക്ടർ വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾ കാർഷിക ആവശ്യങ്ങൾക്കായി Agricultural Tractor ആയി തരം മാറ്റി വാഹനത്തിൽ Agricultural Trailer ഘടിപ്പിച്ച് NTV ആയി മാറ്റി നൽകുമ്പോഴോ നിലവിൽ ആ Tractor/ Agricultural Tractor രജിസ്റ്റർ ചെയ്ത സമയത്ത് നിഷ്കർഷിച്ചിരിക്കുന്ന Emission Norms ആണ് ബാധകമാവുന്നത്.

വിശ്വസ്തതയോടെ

Signed by
S Sreejith I P S
Date: 09-10-2023 18:16:25

S SREEJITH I P S
TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in